പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1505 12-06-2019-ലെ മറുപടിയ്ക്ക്

## കാർഷിക വായ്പകൾക്ക് മൊറൊട്ടോറിയം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എൻ. ഷംസുദ്ദീൻ** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കാർഷിക വായ്പകൾക്ക് മൊറൊട്ടോറിയം പ്രഖ്യാപിക്കുവാൻ മന്ത്രിസഭായോഗം തീരുമാനമെടുത്തിരുന്നോ; എങ്കിൽ എത്രാം തീയതി കൂടിയ മന്ത്രിസഭായോഗമാണ് പ്രസ്തുത തീരുമാനമെടുത്തത്; ഇതിന്റെ വിശദാംശം നൽകുമോ; | (എ) & (ബി) | 05.03.2019-ലെ മന്ത്രിസഭായോഗ തീരുമാന പ്രകാരം പൊതുമേഖല, വാണിജ്യ, സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽനിന്നും കർഷകർ എടുത്തിട്ടുള്ള കാർഷിക വായ്പകളിൻമേലുള്ള ജപ്തി നടപടികൾക്ക് നേരത്തെ പ്രഖ്യാപിച്ച മൊറട്ടോറിയം 2019 ഡിസംബർ 31 വരെ ദീർഘിപ്പിക്കുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കൃഷി വകുപ്പ് 07.03.2019-ൽ സ.ഉ.(കൈ)നം.41/2019/കൃഷി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ മൊറട്ടോറിയം സംബന്ധിച്ച ഉത്തരവ് തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വരുന്നതിനു മുൻപ് റവന്യൂ വകുപ്പിന് പുറപ്പെടുവിക്കാൻ കഴിഞ്ഞില്ല. ഈ വിഷയത്തിൽ ബോധപൂർവ്വമായ വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്ന് അന്വേഷിക്കുവാൻ അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | മന്ത്രിസഭായോഗ തീരുമാനങ്ങൾ 48 മണിക്കൂറിനുള്ളിൽ ഉത്തരവായി ഇറങ്ങണമെന്ന ചട്ടമുണ്ടായിട്ടും മൊറൊട്ടോറിയം സംബന്ധിച്ച ഉത്തരവ് ഇറക്കുവാൻ വൈകിയതിന്റെ കാരണം എന്താണെന്ന് വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ